# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 07/05/ 2020

## ലോക്-ഡൗൺ ഇളവുകളിലും പോലീസ് പരിശോധന തുടരുന്നു.

കൊല്ലം : ലോക്-ഡൗൺ നിബന്ധനകളിൽ കർശന പരിശോധനയുമായി സിറ്റി പോലീസ്. സർക്കാർ ഏർപ്പെടുത്തിയ മാനദണ്ഡങ്ങളും നിർദേശങ്ങളും ലംഘിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികളാണ് പോലീസ് കൈക്കൊള്ളുന്നത്. പ്രധാന ജംഗ്ഷനുകളിൽ പിക്കറ്റുകൾ ഏർപ്പെടുത്തി വാഹന പരിശോധന ശക്തമായി തുടരുന്നു. നിർദേശം ലംഘിച്ച് മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 39 പേർക്ക് നോട്ടീസ് നൽകി. ക്രമവിരുദ്ധമായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെയും അനാവശ്യമായി പുറത്തിറങ്ങുന്നവർക്കെതിരെയും കർശനമായ നിയമ നടപടികൾ സ്വീകരിക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.അന്തർ ജില്ലാ യാത്രകൾക്ക് ആവശ്യമായ പാസുകൾ ഓൺലൈനിലൂടെ ലഭ്യമാണ്. pass.bsafe.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കാവുന്നതാണ്. ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങൾ പുറത്തിറക്കിയതിനും പൊതുസ്ഥലങ്ങളിൽ കൂട്ടം കൂടിയതിനും കൊല്ലം സിറ്റി പരിധിയിൽ 158 കേസുകൾ രജിസ്റ്റർ ചെയ്ത് 162 പേരെ അറസ്റ്റ് ചെയ്യുകയും 109 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ ആനന്ദവല്ലീശ്വരം ദേവസ്വം ഓഫീസിന് മുന്നിൽ ധർണ നടത്തിയതിന് 5 ഹിന്ദു മുന്നണി പ്രവർത്തകരെ അറസ്റ്റ് ചെയ്തു

സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊവിഡ്-19 മൂലം ബുദ്ധിമുട്ടിലായ പരവൂർ ഠൗണിലെ ചുമട്ട് തൊഴിലാളികൾക്ക് ഹാരിസ് സൂപ്പർമാർക്കറ്റിന്റെ സഹായത്തോടെ ജനമൈത്രി പോലീസ് പലവ്യഞ്ജനക്കിറ്റുകൾ വിതരണം ചെയ്തു.